**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **13.06.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ :1948** **മറുപടിക്ക്**

**പോലീസിന്റെ സേവനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. യു.ആർ. പ്രദീപ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസിന്റെ സേവനങ്ങൾ നിഷ്പക്ഷമായും സുതാര്യമായും പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | എ) പോലീസിന്റെ സേവനങ്ങൾ നിഷ്പക്ഷമായും സുതാര്യമായും പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പോലീസിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടലാണ് 'THUNA' (The Hand You Need for Assistance). ഇതിലൂടെ പൊതുജനങ്ങൾക്ക് പരാതി നൽകൽ, എംപ്ലോയി വെരിഫിക്കേഷൻ മൈക്ക് പെർമിഷൻ, എൻ.ഒ.സി അപേക്ഷ, സ്വഭാവ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, സമ്മേളനങ്ങൾ, പ്രകടനങ്ങൾ, സമരങ്ങൾ. എന്നിവയ്ക്കുള്ള അനുമതിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ സി.സി.റ്റി.എൻ.എസ് സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ബോഡി വോൺ ക്യാമറകൾ,സി.സി.ടി.വി ക്യാമറകൾ, Vehicle Mounted GPS System, Traffic Signal System, Traffic enforcement ഉപകരണങ്ങൾ Traffic ഗെയിമിങ് ആപ്ലിക്കേഷനുകൾ തുടങ്ങിയവ |

യിലൂടെ മെച്ചപ്പെട്ട സേവനം പോലീസിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്ന തിനും Track My Trip, Nearest/Jurisdictional Police Station, SOS-Panic Message, Chat Boat for Public Service, Offence Reporting, Citizen Services, Traffic Guru തുടങ്ങിയ Applications integrate ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ജനമൈത്രിയുടെ ഭാഗമായി നടപ്പിലാക്കിയ Women Police visit in Panchayath എന്നതിലൂടെ പോലീസിന്റെ സേവനങ്ങൾ പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളെ സ്വീകരിക്കാനും സഹായിക്കാനുമായി ഒരു പോലീസ് ഉദ്യോഗസ്ഥനെ പബ്ലിക് റിലേഷൻ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

പോലീസ് സേവനങ്ങൾ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി Emergency Response Support System (ERSS) ആരംഭിച്ചിട്ടുണ്ട്.

ബി) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കാൻ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക മാറ്റിവച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ബി) 2019-20 സാമ്പത്തിക വർഷത്തിൽ പോലീസ് വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ആധുനികവൽക്കരണം ഉൾപ്പെടെ പദ്ധതി വിഹിതമായി ആകെ 215.10 കോടി രൂപ വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ പോലീസ് സേനയുടെ ആധുനികവൽക്കരണ ത്തിനായി പദ്ധതി വിഹിതത്തിൽ 175.10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് - **60 കോടി രൂപ**

പോലീസ് സ്റ്റേഷനിലെ ഉപാധികൾ ശക്തിപ്പെടുത്തുന്നതിന് - **5.62 കോടി രൂപ**

നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്- **4 കോടി രൂപ**

ബോട്ട് ഉൾപ്പെടെ വാഹനങ്ങൾ വാങ്ങുന്നതിന്- **25.80 കോടി രൂപ**

ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്- **4 കോടി രൂപ**

ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിന്- **4.18 കോടി രൂപ**

ക്രൈം ബ്രാഞ്ച് (സി.ബി.സി.ഐ.ഡി) മെച്ചപ്പെടുത്തുന്നതിന് - **2.50 കോടി രൂപ**

ശാസ്ത്രീയ അന്വേഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്- **7 കോടി രൂപ**

സൈബർ ക്രൈം സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് - **4.50 കോടി രൂപ**

ഫലപ്രദമായ ജനക്കൂട്ട നിയന്ത്രണത്തിന് - **3 കോടി രൂപ**

ടെലികമ്മ്യൂണിക്കേഷൻസ് സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിന് -**15 കോടി രൂപ**

ആംഡ് പോലീസ് ബറ്റാലിയൻ ആധുനികവൽക്കരണത്തിന് -**3 കോടി രൂപ**

അടിസ്ഥാന സൗകര്യത്തിനും ആഭ്യന്തര സുരക്ഷയ്ക്കും - **1 കോടി രൂപ**

i-APS – **2 കോടി രൂപ**

സ്റ്റേഷനുകൾക്ക് അധികസ്ഥലം, അവശ സൗഹൃദമാക്കുന്നതിന് - **4 കോടി രൂപ**

പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്- **3.50 കോടി രൂപ**

കമ്മ്യൂണിറ്റി പോലീസിംഗ് - **4 കോടി രൂപ**

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - **16 കോടി രൂപ**

ജൻഡർ അവബോധത്തിനും ജൻഡർ സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കും - **6 കോടി രൂപ**

സെക്ഷൻ ഓഫീസർ